**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 313** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓപ്പറേഷൻ ഡി ഹണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ലഹരി മാഫിയെക്കെതിരെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഓപ്പറേഷൻ ഡി ഹണ്ട് നടപടിയുടെ ഭാഗമായി ഇതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തു എന്നും എത്ര വിവിധ മയക്ക് മരുന്ന് ശേഖരം കണ്ടെത്തി എന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് 2,954 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3,176 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, COTPA നിയമപ്രകാരം 1,421 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 229.69 Kg കഞ്ചാവും, 1.680 Kg MDMA യും, 1.6499 gm മെത്താംഫെറ്റമിനും, 464.605 gm ഹാഷിഷ് ഓയിലും, 370.339 gm ബ്രൗൺ ഷുഗറും, 22.51 gm ഹെറോയിനും, 4.85 gm ഹാഷിഷും, 25.23 gm ഓപ്പിയവും, 56 നൈട്രാസെപാം ഗുളികകളും, 11 LSD സ്റ്റാമ്പുകളും, 154 കഞ്ചാവ് ചെടികളും പിടിച്ചെടുത്തിട്ടുണ്ട് .

**(ബി)** സംസ്ഥാനത്ത് എത്തുന്ന മയക്ക് മരുന്നിന്റെ ഉറവിടം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്തെ 84 പോലീസ് സബ് ഡിവിഷനുകളിലുമായി, ഓരോ സബ് ഡിവിഷനിലും 4 ടീം വീതം ക്രമീകരിച്ചിട്ടുള്ളതും, ഓരോ ടീമിലും 4 പോലീസ് ഉദ്യോഗസ്ഥരെ വീതം നിയമിച്ച്, "ഓപ്പറേഷൻ ഡി ഹണ്ട്, ദി നാർകോ ഹണ്ട് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ടി ടീമുകളുടെ സഹായത്തോടെ നിരോധിത മയക്കുമരുന്ന് ഉൽപ്പന്നങ്ങൾ ലഭിക്കുന്ന ഉറവിടം കണ്ടെത്തി തടയുന്നതിനും, ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 02.06.2026 മുതൽ 17.06.2026 വരെ 2954 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 3176 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. ഇതുകൂടാതെ COTPA പ്രകാരം 1421 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

'ഓപ്പറേഷൻ ഡി ഹണ്ട് ദി നാർകോ ഹണ്ടിന്റെ' ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ ജില്ലകൾ കേന്ദ്രീകരിച്ച് കേരള പോലീസ് 2152-ൽ പരം ബോധവത്കരണ ക്ലാസുകളും 167 കൗൺസിലിങ്ങുകളും സംഘടിപ്പിച്ചിട്ടുള്ളതും 12 പേരെ ലഹരി വിമുക്തരാക്കുന്നതിലേയ്ക്കായി ഡി-അഡിക്ഷൻ സെന്ററിൽ അയച്ചിട്ടുള്ളതുമാണ്.

ലഹരി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്ക് രഹസ്യമായി അറിയിക്കുന്നതിനായി 9497979794, 9497927797 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതിനും, 9995966666 എന്ന നമ്പരിൽ WhatsApp ചെയ്യുന്നതിനുമായി സൗകര്യമൊരുക്കിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഹരിയുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ അറിയിച്ചുകൊണ്ട് 1600 -ൽ പരം ഫോൺ കോളുകളും 1116-ഓളം വാട്സ്ആപ് മെസ്സേജുകളും അത്തരത്തിൽ ലഭിച്ചിട്ടുള്ളതും ആയതിൻമേൽ ഉടനടി നടപടി സ്വീകരിച്ചിട്ടുള്ളതുമാകുന്നു.

**(സി)** റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ, പാർസൽ കേന്ദ്രങ്ങൾ, അന്യസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥിരമായി പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** ലഹരി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡുകൾ പാഴ്സൽ കേന്ദ്രങ്ങൾ, അന്യ സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശക്തമായ നിരീക്ഷണങ്ങൾ ഏർപ്പെടുത്തിവരുന്നു. അതിഥി തൊഴിലാളികളുടെ മയക്ക് മരുന്ന് ഉപയോഗത്തിനെതിരെ അതിഥി തൊഴിലാളികൾ താമസിച്ചു വരുന്ന സ്ഥലങ്ങളിൽ ഇടവിട്ട് റെയ്ഡുകൾ നടത്തുകയും, ലഹരി വ്യാപാരം നടത്തുന്ന അന്യസംസ്ഥാനക്കാരെ പിടികൂടി കേസ് രജിസ്റ്റർ ചെയ്ത് വരുന്നതുമാണ്. കൂടാതെ ടിയാന്മാർ കൂട്ടമായി താമസിച്ചു വരുന്ന സ്ഥലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. സംസ്ഥാനത്ത് RPF മായും സംസ്ഥാന റെയിൽവേ പോലീസുമായും സഹകരിച്ച് റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനിലും സംയുക്ത പരിശോധനകൾ നടത്തി വരുന്നതാണ്. ടി പരിശോധനകളിൽ ഡോഗ് സ്ക്വാഡിന്റെ സേവനം ഉപയോഗിക്കാറുള്ളതും റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിനിൽ നിന്നും ലഹരി കണ്ടെത്തിയതിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നും മയക്കുമരുന്ന് കടത്തുന്നതിന് റെയിൽ മാർഗ്ഗം ഉപയോഗിക്കുന്നത് തടയുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ട്രെയിനുകൾ റെയിൽവേ പോലീസിന്റെ നേതൃത്വത്തിൽ സംയുക്തമായി പരിശോധന നടത്തി വരുന്നു. അതിഥി തൊഴിലാളികൾ കൂട്ടമായി താമസിച്ചു വരുന്ന സ്ഥലങ്ങളിലും നിരീക്ഷണങ്ങൾ നടത്തി വരുന്നു. അതിർത്തികളിൽ കൂടി കടന്നുവരുന്ന ട്രക്കുകളിലെ സംശയകരമായ ലഗേജുകൾ, വാഹനങ്ങളിലെയും മറ്റും രഹസ്യ അറകൾ, സംശയാസ്പദമായ സാഹചര്യങ്ങളിൽ സ്ഥിരം യാത്ര ചെയ്യുന്ന യുവാക്കൾ, inter state ബസുകൾ എന്നിവ കർശനമായി പരിശോധിച്ചു വരുന്നു.

**(ഡി)** ലഹരി മാഫിയക്ക് എന്തെങ്കിലും സഹായം നല്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കടുത്ത ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** സ്വീകരിക്കും. ഉദ്യോഗസ്ഥർ ലഹരി മാഫിയയ്ക്ക് എന്തെങ്കിലും സഹായം നൽകിയതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ നിയമപരമായ നടപടികളും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**